# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3354      19.10.2016 ന് മറുപടിയ്ക്ക്.

## വനം വകുപ്പിന്റെ കൈവശമുള്ള ആനക്കൊമ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിന്റെ കൈവശം ഇപ്പോൾ എത്ര ടൺ ആനക്കൊമ്പുകൾ സൂക്ഷിക്കുന്നുണ്ട്; | (എ) വനം വകുപ്പിന്റെ കൈവശം ഇപ്പോൾ ഏകദേശം 9 ടൺ ആനക്കൊമ്പുകൾ സൂക്ഷിക്കുന്നുണ്ട്. |
| (ബി) ഇവയുടെ മൂല്യം വനം വകുപ്പ് ഇതിനകം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ; | (ബി) ഇവയുടെ മൂല്യം കണക്കാക്കിയിട്ടില്ല. |
| (സി) ഇവ സൂക്ഷിക്കാൻ വനം വകുപ്പിന്റെ കീഴിൽ സ്ഥിരമായ സംവിധാനമുണ്ടോ; എങ്കിൽ എവിടെയാണ് ഇവ സൂക്ഷിച്ചിട്ടുള്ളത്; | (സി) ഇവ സൂക്ഷിക്കാൻ വനം വകുപ്പിന്റെ കീഴിൽ സ്ഥിരമായ സംവിധാനമുണ്ട്. വനം വകുപ്പാസ്ഥാനത്തുള്ള സ്ട്രോങ്ങ്റൂമിലും, ജില്ലാ ട്രഷറികളിലും വനം റെയിഞ്ചാഫീസുകളിലെ സ്ട്രോങ്ങ്റൂമുകളിലുമാണ് ആനക്കൊമ്പുകൾ സൂക്ഷിക്കുന്നത്. |
| (ഡി) ഇവ ലേലം ചെയ്ത് വിൽക്കാൻ നിലവിൽ നിയമമുണ്ടോ; | (ഡി) ഇവ ലേലം ചെയ്ത് വിൽക്കാൻ നിലവിൽ നിയമം ഇല്ല. |
| (ഇ) ഇല്ലെങ്കിൽ ഈ ആനക്കൊമ്പുകളും ആനക്കൊമ്പിലുള്ള അമൂല്യ ശില്പങ്ങളും പൊതുജനങ്ങൾക്ക് കാണുന്നതിനും അതുവഴി സർക്കാരിന് വരുമാനം കണ്ടെത്താനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ? | (ഇ) ഇത്തരം തീരുമാനങ്ങൾ എടുത്തിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ